## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*224 — 14.02.2013-ൽ മറുപടിക്ക്.

### അന്യസംസ്ഥാനത്തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനത്തൊഴിലാളികളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി പ്രത്യേകം നിയമം കൊണ്ടുവരുന്നതിനും അന്യ സംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിക്കുന്ന ഉടമകളുടെ ചുമതലയിൽ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള രജിസ്ട്രേഷൻ കൊണ്ടുവരുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമവും സുരക്ഷിതത്വവും ഉറപ്പു വരുത്തുക എന്നതാണ് രജിസ്ട്രേഷന്റെ ഉദ്ദേശ്യം. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് സാധാരണ ചികിത്സാ ധനസഹായം, അപകടം സംഭവിച്ചാൽ ഉണ്ടാകുന്ന ചികിത്സക്കുള്ള സഹായം, അപകടത്തിൽ മരണപ്പെട്ടാൽ നോമിനികൾക്ക് ധനസഹായം, ഭൗതിക ശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധന സഹായം, സംസ്ഥാനത്തെ തൊഴിൽ നിർത്തി പോകുന്നവർക്ക് ടെർമിനൽ ബെനിഫിറ്റ് എന്നിവ നൽകുന്നതിനും ഉദ്ദേശിക്കുന്നു. |
| (സി) ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) ഇവർക്ക് ആവശ്യമായ സുരക്ഷയും അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ ? | (ഡി) ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ആഫീസർ.